പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.142. 12.07.2016 ൽ മറുപടിയ്ക്ക്.

## പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്കുള്ള വിലക്ക്

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ. റ്റി.വി.രാജേഷ്<br>,, കെ. കെ. രാമചന്ദ്രൻ നായർ<br>,, യു. ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നിലവിൽ വന്നാൽ കെ.എസ്.ആർ.ടി.സി.യെ അത് എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്.<br>ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് നിലവിൽ വന്നാൽ കെ.എസ്.ആർ. ടി.സി.യുടെ പത്ത് വർഷത്തിനുമേൽ പഴക്കമുള്ള 1102 ബസ്സുകളും, ലോറി, വാൻ, മുതലായ 117 വാഹനങ്ങളും നിരത്തിൽ നിന്നും പിൻവലിക്കേണ്ടി വരും. ഓർഡിനറി വിഭാഗത്തിൽപ്പെടുന്ന 1102 ബസ്സുകൾ ഒറ്റയടിക്ക് നിരത്തിൽ നിന്നും പിൻവലിക്കുന്നതുമൂലം ഗ്രാമീണ മേഖലകളെയും നഗരങ്ങളെയും ബന്ധിപ്പിക്കുന്ന സർവ്വീസുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടിവരും. ഇത് സാധാരണ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ബാധിക്കുകയും ചെയ്യും. തുടർന്ന് ഈ ബസ്സുകൾക്ക് പകരം ബസ്സുകൾ നിരത്തിലിറക്കുന്നതിന് കോർപ്പറേഷന് ഏകദേശം 272 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ടി വരും. കൂടാതെ ലോറി, വാൻ മുതലായ 117 വാഹനങ്ങൾ ഉപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്, മറ്റ് ആവശ്യ വസ്തുക്കൾ മുതലായവയുടെ വിതരണം നടത്തുന്നത്. ഈ വാഹനങ്ങൾ ഒറ്റയടിക്ക് പിൻവലിക്കുന്നതിലൂടെ കെ.എസ്.ആർ. ടി.സി.യുടെ സുഗമമായ പ്രവർത്തനം പ്രതിസന്ധിയിൽ ആകും. കൂടാതെ ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവ യഥാസമയം അറ്റൻഡ് ചെയ്യുന്നതിന് ഈ വാഹനങ്ങളുടെ പിൻവലിക്കൽ മൂലം സാധിക്കാതെ വരും. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി യുടെ എത്ര ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ടിവരുമെന്നും അത് ആകെ ബസ്സുകളുടെ എത്ര ശതമാനമായിരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ 1102 ബസുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ടി വരും. ഇത് കെ.എസ്.ആർ.ടി.സിയുടെ ആകെ ബസ്സുകളുടെ 19 ശതമാനം വരും. |
| (സി) | ഈ ഉത്തരവിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | ഹരിതട്രൈബ്യൂണലിന്റെ ഉത്തരവിന് മൊത്തത്തിൽ സർക്കാർ എതിരല്ല. പരിസ്ഥിതി മലിനീകരണം ഒഴിവാക്കാ-നായി ഒരു നിശ്ചിത വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങളെ പൊടുന്നനെ പിൻവലിക്കുകയോ ഒരു പ്രത്യേക എഞ്ചിൻ കപ്പാസിറ്റിക്ക് മുകളിൽ |

| | | | |
|---|---|---|---|
| | | | കപ്പാസിറ്റിയുള്ള ഡീസൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് വിലക്കുകയോ ചെയ്യുന്നതിൽ സംസ്ഥാന സർക്കാരിനു യോജിപ്പില്ല. വാഹനങ്ങൾ മൂലമുള്ള പരിസ്ഥിതിമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മലിനീകരണത്തിന്റെ അളവ് കുറയ്ക്കുകയും കാലക്രമേണ പഴക്കം ചെന്ന ഡീസൽ വാഹനങ്ങൾ നിരോധിക്കുകയും സി.എൻ.ജി. ഉപയോഗിക്കുന്ന വാഹനങ്ങളും ഫില്ലിംഗ് സ്റ്റേഷനുകളും സംസ്ഥാനത്തുടനീളം ലഭ്യമായ ശേഷവും വേണ്ടത്ര സാവകാശം നൽകിക്കൊണ്ടും മാത്രം ഏതെങ്കിലും തരത്തിൽപ്പെട്ട പുതിയ ഡീസൽ വാഹനങ്ങൾ നിരോധിക്കുന്നതായിരിക്കും ഉചിതമെന്നും ആണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br>കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് സംസ്ഥാനത്ത് സൃഷ്ടിക്കാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പരിഗണിച്ചും ഈ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. (WP(C) No.20725/16). കൂടാതെ ബഹു. സുപ്രീംകോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിനും നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.